<u>പതിമൂന്നാം കേരള നിയമസഭ</u>

<u>പതിനൊന്നാം സമ്മേളനം</u>

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5313</u> <u>1/07/2014-ൽ മറുപടിക്ക്</u>

# <u>പൊട്ടിവീണ വൈദ്യുത കമ്പിയിൽ നിന്ന് ഷോക്കേറ്റുള്ള മരണങ്ങൾ</u>

<u>ചോദ്യം</u>

ശ്രീമതി. കെ. എസ്.സലീഖ

<u>മറുപടി</u>

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പ് മന്ത്രി)

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ പൊട്ടിവീണ വൈദ്യുത കമ്പികളിൽ നിന്ന് ആഘാതമേറ്റ് എത്രപേർ മരണപ്പെട്ടു; ഇതിൽ സ്കൂൾ കുട്ടികൾ എത്ര; ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(എ)

| ക്രമ നമ്പർ | ജില്ല | മരണപ്പെട്ടവരുടെ എണ്ണം | മരണപ്പെട്ട സ്കൂൾ കുട്ടികൾ |
|---|---|---|---|
| 1 | തിരുവനന്തപുരം | 8 | 3 |
| 2 | കൊല്ലം | 5 | 1 |
| 3 | പത്തനംതിട്ട | 2 | - |
| 4 | ആലപ്പുഴ | 8 | 1 |
| 5 | കോട്ടയം | 4 | - |
| 6 | ഇടുക്കി | 1 | - |
| 7 | എറണാകുളം | 12 | - |
| 8 | തൃശ്ശൂർ | 8 | 1 |
| 9 | പാലക്കാട് | 4 | - |
| 10 | മലപ്പുറം | 4 | 1 |
| 11 | കൊഴിക്കോട് | 9 | 1 |
| 12 | വയനാട് | 1 | - |
| 13 | കണ്ണൂർ | 2 | 1 |
| 14 | കാസർഗോഡ് | 1 | 0 |
| | ആകെ | 69 | 9 |

(ബി) ഇത്തരത്തിൽ മരണപ്പെട്ടവർക്ക് എത്രതുകയുടെ ധനസഹായം ഈ സർക്കാർ നൽകിയിട്ടുണ്ട്; ഓരോ കുടുംബത്തിനും ശരാശരി എന്തുതുക വീതം നൽകിയിട്ടുണ്ട്; വ്യക്തമാക്കുമോ;

(ബി) മരണം സംഭവിച്ച 42 പേരുടെ അനന്തരാവകാശികൾക്ക് 45,10,000/- രൂപ (നാല്പത്തി അഞ്ച് ലക്ഷത്തി പതിനായിരം രൂപ മാത്രം) ആശ്വാസ ധനസഹായമായി അനുവദിച്ച് നൽകിയിട്ടുണ്ട്. ഇതിൽ 39 പേരുടെ അനന്തരാവകാശികൾക്ക് ഒരു ലക്ഷം രൂപ വീതവും രണ്ട് പേർക്ക് 3 ലക്ഷം രൂപ വിതവും

ഒരാൾക്ക് 10,000/- രൂപ അടിയന്തിര സഹായമായുമാണ് നൽകിയിട്ടുള്ളത്.

(സി) പൊതുവഴിയിൽ പൊട്ടിക്കിടക്കുന്ന കമ്പിയിൽ വൈദ്യുതിപ്രവഹിച്ച് ആളുകൾ ഷോക്കേറ്റ് മരിച്ചാൽ വൈദ്യുതി ബോർഡ് ഉദ്യോഗസ്ഥർക്ക് ബാധ്യതയുണ്ടെന്ന 2013 മാർച്ചിലെ ഹൈക്കോടതി ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ട്.

(ഡി) എങ്കിൽ ഇതുമായി ബന്ധപ്പെട്ട് വൈദ്യുതി ബോർഡിലെ എത്ര ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത്; വ്യക്തമാക്കുമോ;

(ഡി) 27 പേർക്കെതിരെ അന്വേഷണ നടപടി സ്വീകരിച്ചിട്ടുണ്ട്

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇത്തരത്തിൽ എത്ര അപകടങ്ങൾ നാളിതുവരെ നടന്നു; ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ഇ)

| ക്രമ നമ്പർ | ജില്ല | അപകടങ്ങളുടെയും മരണപ്പെട്ടവരുടെയും എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 8 |
| 2 | കൊല്ലം | 5 |
| 3 | പത്തനംതിട്ട | 2 |
| 4 | ആലപ്പുഴ | 8 |
| 5 | കോട്ടയം | 4 |
| 6 | ഇടുക്കി | 1 |
| 7 | എറണാകുളം | 12 |
| 8 | തൃശ്ശൂർ | 8 |
| 9 | പാലക്കാട് | 4 |
| 10 | മലപ്പുറം | 4 |
| 11 | കോഴിക്കോട് | 9 |
| 12 | വയനാട് | 1 |
| 13 | കണ്ണൂർ | 2 |
| 14 | കാസറഗോഡ് | 1 |
| | ആകെ | 69 |

| | | | |
|---|---|---|---|
| (എഫ്) | മഴക്കാലത്ത് വൈദ്യുതികമ്പികൾ പൊട്ടി വീഴുന്നതും അതിൽ നിന്ന് ആഘാതമേറ്റു പിഞ്ചുകുഞ്ഞുങ്ങളടക്കമുള്ളവർ മരിക്കുന്നതും പതിവായിട്ടും വൈദ്യുതി ബോർഡ് അധികൃതർ ഇതിനെതിരെ നടപടി എടുക്കുന്നില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എഫ്) | മഴക്കാലപൂർവ്വ അറ്റകുറ്റപ്പണികളുടെ ഭാഗമായി അപകടസാധ്യതയുള്ളയിടങ്ങളിൽ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് ബോർഡ് തലത്തിൽ നിർദ്ദേശങ്ങൾ നൽകുകയും അവ നടപ്പിലാക്കുകയും ചെയ്യുന്നുണ്ട് എന്നാൽ അപ്രതീക്ഷിതമായി കാലവർഷക്കെടുതികളുടെ ഭാഗമായി ഉണ്ടാകുന്ന അപകടങ്ങളാണ് ദുരന്തകാരണമാകുന്നത്. |
| (ജി) | എങ്കിൽ ആയത് പരിഹരിക്കുവാൻ എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (ജി) | ഇത്തരം അപകടങ്ങൾ ആവർത്തിക്കാതിരിക്കുന്നതിന് അടിയന്തിരമായി സുരക്ഷാ അറ്റകുറ്റപ്പണികൾ നടത്തണമെന്നും അവ ചെയ്തു എന്ന് ഉറപ്പാക്കണമെന്നും എല്ലാ സുരക്ഷാ ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ